ദേശാഭിമാനി 12 January 2017

# തീരനൈപുണ്യ: 28 വനിതകൾ പരിശീലനം പൂർത്തിയാക്കി

**കൊച്ചി >** മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ശാക്തീകരണ പാഠം. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് വഴിയൊരുക്കുന്ന ബഹുമുഖ പരിശീലന പരിപാടിയായ തീരനൈപുണ്യ പദ്ധതിയിൽ 28 വനിതകൾക്കാണ് ഉപരിപഠനം, തൊഴിൽ, വ്യക്തിത്വവികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് പുതിയ പാഠങ്ങൾ പഠിക്കാൻ അവസരം ലഭിച്ചത്.

ഫിഷറീസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതാ സഹായകസംഘവുമായി (സാഫ്) ചേർന്നാണ് സിഎംഎഫ്ആർഐ രണ്ടുമാസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചത്.

ആദ്യത്തെ ഒരുമാസം 70 ഓളം വിദഗ്ധരുടെ മേൽനോട്ടത്തിൽ ക്ലാസ്സും പരിശീലനവും. അടുത്തമാസം അംഗങ്ങളുടെ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുത്ത മേഖലകളിൽ പ്രായോഗിക പരിശീലനവുമാണ് നൽകിയത്. തദ്ദേശസ്ഥാപനങ്ങൾ, ഫിഷറീസ് സ്റ്റേഷൻ, ആശുപത്രി, ബിസിനസ് സംരംഭങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അംഗങ്ങൾക്ക് സ്റ്റൈപെൻഡോടുകൂടി പരിശീലനം നൽകി. പരിശീലനത്തിലൂടെ ലക്ഷ്യബോധം കൈവരിക്കാനായെന്ന് പദ്ധതിയിലെ മികച്ച അംഗമായി തെരഞ്ഞെടുത്ത എം എസ് സൗമ്യ പറഞ്ഞു. പരിശീലനത്തിനുശേഷമുള്ള തുടർപ്രവർത്തനങ്ങളിലും തൊഴിലന്വേഷണങ്ങളിലും പദ്ധതിയിൽ പങ്കാളികളായവർക്ക് സിഎംഎഫ്ആർഐയുടെ സഹായമുണ്ടാകും.